


കവർ ഡിസൈൻ: എൻ. അജയൻ


ഡിസിബുക്സ്

www.dcbooks.com

പഠനം

ISBN 978-81-264-2475-7

9 788126 424757 00009

E-book available

₹ 499


നാസ്തികനായ ദൈവം

റിച്ചാഡ് ഡോക്കിൻസിന്റെ ലോകം

രവിചന്ദ്രൻ സി.

DCB



# നാസ്തികനായ ദൈവം

## റിച്ചാഡ് ഡോക്കിൻസിന്റെ ലോകം

9-ാം പതിപ്പ്


211.8 RAV/N

CASMTVK

1551


**രവിചന്ദ്രൻ സി.**

DCB

MALAYALAM LANGUAGE
Nāsthikanāya Daivam

LITERATURE/STUDY
by Ravichandran C.

Rights Reserved
First Published September 2009
This edition - September 2019

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Ravichandran C.
Nasthikanaya Daivam/C. Ravichandran
512 p., 21 cm.
ISBN 978-81-264-2475-7.
1. Religion. 2. Atheism I. Title.
211.8-dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-2475-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

600/19-20-Sl.No. 19465-dcb 4221-(9) 2000-10178-09-19-ahb 16 -p ag-r(t) sh-d(t) jo

സസ്നേഹം ശ്രീകാന്തിന്

The Absence of Evidence is the Evidence of Absence
*Middleton*

## കുട്ടിയും ദൈവവും

"അല്ലയോ ദൈവം! പറയുക, നിന്റെ മതമേത്?"
"എനിക്ക് മതമോ?! എന്റെ വാസസ്ഥലം
ഒരിക്കലും നീ അറിയുകയില്ല."
"ഭയമെന്തിന്, നീയും ഉപാസിക്കുന്നുവോ?"
"ഉപാസന എനിക്കന്യം, എനിക്ക് ദൈവമില്ല,
നാസ്തികനാണ് ഞാൻ."

## ഉള്ളടക്കം


1. വിശ്വാസത്തിന്റെ ഫോസിലുകൾ 11
2. നിഷേധത്തിന്റെ ലാവണ്യം 15
3. എന്തുകൊണ്ട് 'ദൈവവിഭ്രാന്തി?' 23
4. ദൈവം—അന്ധൻ വരച്ച ചിത്രം 37
5. അനർഹമായ ആദരവിനായി മുറവിളികൂട്ടുന്ന മതം 40
6. ദൈവസങ്കല്പത്തിന്റെ ജനിതകചരിത്രം 51
7. അജ്ഞേയവാദത്തിന്റെ പാപ്പരത്തം 65
8. സന്ദേഹവാദികളായ പരിണാമവാദികൾ 82
9. 'സേതി' 86
10. ദൈവം ഉണ്ടെന്നുള്ളതിന്റെ തെളിവുകൾ 89
11. ഒന്റോളജിക്കൽ വാദങ്ങളും 'എ പ്രയോറി' വാദങ്ങളും 93
12. സൗന്ദര്യം ആധാരമാക്കിയുള്ള വാദം 97
13. വ്യക്തിഗത അനുഭവം തെളിവാകുമ്പോൾ 99
14. മതസാഹിത്യം സാക്ഷി 105
15. മതജീവിതം നയിച്ച ശാസ്ത്രജ്ഞരുടെ പിന്തുണ 112
16. പാസ്കലിന്റെ പന്തയം 118
17. ബോയിങ്-747 വാദം 124
18. പ്രകൃതിനിർധാരണം 128
19. നിർധാരണം ചെയ്യാനാവാത്ത സങ്കീർണ്ണത 133
20. ബുദ്ധിപരമായ ആസൂത്രണവും യാദൃച്ഛികതാവാദവും 135
21. ശൂന്യസ്ഥലങ്ങളോടുള്ള ആരാധന 142
22. ആന്ത്രോപിക് സിദ്ധാന്തം: ഗ്രഹാന്തര പതിപ്പ് 155
23. ആന്ത്രോപിക് സിദ്ധാന്തത്തിലെ പ്രാപഞ്ചിക വീക്ഷണം 162
24. ടെമ്പിൾട്ടൺ ഫൗണ്ടേഷന്റെ വികൃതികൾ 172
25. ഡാർവിന്റെ മതവിശകലനം 181
26. ഗ്രൂപ്പ് തെരഞ്ഞെടുപ്പ് 190
27. മതം മറ്റേതിന്റെയെങ്കിലും പാർശ്വഫലമാണോ? 192

28. മതവിശ്വാസത്തെ തുണയ്ക്കുന്ന മാനസികഘടന 200
29. മീമുകൾ കഥ പറയുമ്പോൾ 214
30. കാർഗോ കൾട്ടുകൾ 222
31. മതവും ധാർമികതയും 226
32. ധാർമികബോധത്തിന് പരിണാമപരമായ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? 231
33. മനുഷ്യന്റെ ധാർമികബോധം—ഒരു പഠനം 240
34. ദൈവമില്ലെങ്കിൽ നമുക്ക് നല്ലവരാകാൻ കഴിയുമോ? 245
35. പുതിയനിയമം ഭേദമാണോ? 267
36. അയൽസ്നേഹത്തിന്റെ രഹസ്യം 273
37. കാലവും ധാർമ്മികതയും 286
38. ഹിറ്റ്ലറും സ്റ്റാലിനും നിരീശ്വരവാദികളായിരുന്നില്ലേ? 297
39. എന്താണ് മതത്തിനിത്രയധികം ദോഷം? 307
40. മൗലികവാദവും ശാസ്ത്രത്തെ വളച്ചൊടിക്കലും 309
41. ശുദ്ധവാദത്തിന്റെ ഇരുണ്ടവശം 315
42. വിശ്വാസവും സ്വവർഗ്ഗാനുരാഗവും 319
43. ഭ്രൂണഹത്യയിൽനിന്നും നരഹത്യയിലേക്കുള്ള ദൂരം 323
44. അരുത്, ബീഥോവനെ കൊല്ലരുത്! 331
45. മതഭീകരതയെ ആരാധിക്കുന്ന മിതവാദികൾ 336
46. ബാലപീഡനവും മതത്തിൽനിന്നുള്ള രക്ഷയും 346
47. ശാരീരികവും മാനസികവുമായ പീഡനം 350
48. കുട്ടികൾക്കുവേണ്ടി ഒരു പ്രതിരോധം 362
49. വിദ്യാഭ്യാസപരമായ ഗൂഢാലോചന 373
50. മനസ്സാക്ഷിയുണർത്താൻ, വീണ്ടും 379
51. അവശ്യം നികത്തേണ്ട ഒരു വിടവ് 385
52. മതം സമാശ്വസിപ്പിക്കുമോ? 393
53. മധ്യലോക സങ്കല്പങ്ങൾ 407
54. ഡാർവിനിസത്തിന്റെ ഉൽപ്പരിവർത്തനം 427
55. അവിശ്വാസികളുടെ സെൻസസ് 432
56. 'ദൈവവിഭ്രാന്തി' ഉന്നയിക്കുന്ന പ്രശ്നങ്ങൾ 440
57. ചിന്തിക്കുന്നവന്റെ ഉത്ഥാനം 447

*അനുബന്ധം*
അഹം ദ്രവ്യാസ്മി, തത്ത്വമസി 475

# 1. വിശ്വാസത്തിന്റെ ഫോസിലുകൾ

### സീൻ ഒന്ന്

സ്ഥലം-തലസ്ഥാനത്തെ പ്രശസ്തമായ ഒരു സ്വകാര്യകോളജ്. വിഷയം—കാമ്പസ് കേന്ദ്രീകരിച്ചുള്ള ഒരു ടെലിവിഷൻപരിപാടി. രണ്ടാം വർഷ ഇംഗ്ലിഷ് സാഹിത്യവിദ്യാർത്ഥിനിയോട് കുസൃതിച്ചോദ്യങ്ങളുമായി ചാനൽ അവതാരകൻ പുത്തുലയുന്നു. സിനിമ, സംഗീതം, ഹോബി... ചോദ്യങ്ങൾ കനത്തു. സല്ലാപം കൊഴുത്തുവന്നപ്പോൾ പെട്ടെന്ന് അവതാരകന്റെ ഇടന്തടി ചോദ്യം: "അതെന്താ അങ്ങനെ? നിരീശ്വരവാദിയാണോ?" സർപ്പദംശനമേറ്റപോലെ പെൺകുട്ടി വിവശയായി. "അയ്യോ, നിരീശ്വരവാദിയോ?! അതെന്താ? അങ്ങനെയൊക്കെ പറയാമോ? ഈ ലോകത്ത് അങ്ങനെയാരേലും ഒണ്ടാവ്വോ?" കുട്ടിയിൽ അത്ഭുതവും വ്യസനവും കുറുകി. മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമടക്കം പ്രശസ്തരായ കുറെ അവിശ്വാസികളുടെ ലിസ്റ്റ് അവതാരകൻ നിരത്താൻ തുടങ്ങിയതും പെൺകുട്ടി പറഞ്ഞു: "അയ്യോ!! വേണ്ട, വേണ്ട. അതൊക്കെ വെറുതെ പറയുന്നതാരിക്കും. എല്ലാരും ദൈവത്തിന്റെ മക്കളല്ല്യോ? അവരൊക്കെ വെറുതെ അഭിനയിക്കുന്നതാ... നല്ലോരു പരിപാടിയായിട്ട് നമ്മള് ദൈവദൂഷണം പറയണ്ട..."

### സീൻ-രണ്ട്

ചാനലിൽ സിനിമാച്ചർച്ച. മലയാളസിനിമയിലെ ഒരു പ്രമുഖനടൻ തന്റെ ജീവിതദർശനങ്ങൾ പ്രേക്ഷകരുമായി മറയില്ലാതെ പങ്കുവെക്കുന്നു: "ഇല്ല! ഇനി ഒരിക്കലും നിരീശ്വരവാദിയായി അഭിനയിക്കില്ല. ഇല്ല!! എനിക്കത് പറ്റില്ല!! കഷ്ടകാലമുണ്ടായപ്പോൾ കുഴീന്ന് വലിച്ചു കേറ്റിയത് ഇക്കാണുന്ന ദൈവങ്ങളൊക്കെയാ... അവർക്കിഷ്ടമല്ലാത്തതൊന്നും ഇനി വയ്യ! വേണോങ്കി തോക്ക് കളയാം. പക്ഷേ, നിരീശ്വരവാദിയായി അഭിനയിക്കുക! ഒരിക്കലുമില്ല! ഇല്ല! എനിക്കത് പറ്റില്ല." കുറെനേരം നടൻ ഇതുതന്നെ ആവർത്തിച്ചുകൊണ്ടിരുന്നു. ബന്ധപ്പെട്ട ഏതെങ്കിലും ചോദ്യം ഉന്നയിച്ചിട്ടല്ലല്ലോ നടൻ തന്റെ ഭക്തിമാർഗ്ഗത്തെക്കുറിച്ച് വാചാലനായതെന്നോർത്ത് അമ്പരക്കുന്ന അവതാരകൻ.

### സീൻ-മൂന്ന്

ഉത്തരകേരളത്തിലെ വിശ്രുതമായ ഒരു കലാലയത്തിലെ അദ്ധ്യാപകരുടെ സ്റ്റാഫ്റൂം. കണ്ടാൽ ഒരു സിനിമാസെറ്റുപോലെ. പക്ഷേ, സൂക്ഷിച്ചുനോക്കിയാൽ ചില പ്രത്യേകതകളുണ്ട്. കസേരകളും മേശകളും സ്ഥലസൗകര്യമനുസരിച്ചല്ല നിരത്തിയിട്ടിരിക്കുന്നത്. എല്ലായിടത്തും ഫർണിച്ചറില്ല. രണ്ടു മൂലകളിൽ ഇരിക്കാൻ വല്ലാത്ത തിരക്ക്. മധ്യഭാഗം ഏറക്കുറെ ഒഴിച്ചിട്ടിരിക്കുന്നു (അവിടെ ചോർച്ചയുണ്ടെന്നു ധരിക്കരുത്). ഫിസിക്സ് അദ്ധ്യാപകൻ ഇരി